ओ३म्



# ദയാനന്ദ സന്ദേശം

## ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക – ദാർശനിക മാസിക

## DAYANANDA SANDESAM

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 8 ലക്കം : 9

സൃഷ്ടി സംവത്സരം 1972949123 കലിവർഷം 5123 വൈദിക സൗരമാസം : മാധവ – ശുക്ര
ചാന്ദ്രമാസം : വൈശാഖം – ജ്യേഷ്ഠം, കൊല്ലവർഷം 1196 മേടം – ഇടവം 2021 ഏപ്രിൽ

വാർഷിക വരിസംഖ്യ : ₹ 100/– ദീർഘകാലം : ₹ 1500/–



ജാലിയൻവാലാബാഗ് സംഭവം

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ

ഏപ്രിൽ 6 : മഹാശയ് രാജ്പാൽ രക്തസാക്ഷിദിനം
ഏപ്രിൽ 10 :ആര്യസമാജ സ്ഥാപനദിനം
ഏപ്രിൽ 13 :ജാലിയൻവാലാബാഗ് സ്മൃതിദിനം
ഏപ്രിൽ 19 :മഹാത്മാ ഹൻസ്‌രാജ് ജന്മദിനം
ഏപ്രിൽ 20 :പണ്ഡിത വേദബന്ധുശർമ്മ ജന്മദിനം
ഏപ്രിൽ 26 :പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി ജന്മദിനം

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം!"

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



**മണ്ഡലം 1** **സൂക്തം 11**

ജേതാ മാധുച്ഛന്ദസ ഋഷിഃ । ഇന്ദ്രോ ദേവതാ ।

അനുഷ്ടുപ് ഛന്ദഃ । ഗാന്ധാരഃ സ്വരഃ ॥

**പുരാം ഭിന്ദുർയുവാ കവിരമിതൗജാ അജായത ।**

**ഇന്ദ്രോ വിശ്വസ്യ കർമണോ ധർത്താ വജ്രീ പുരുഷ്ടുതഃ ॥**

**(ഋഗ്വേദം 1.11.4)**

**പദാർത്ഥം :-** ആരാണോ (അമിതൗജാഃ) അനന്തബലവാനും ജലയുക്തനും (വജ്രീ) ആർക്കാണോ സർവ്വ പദാർത്ഥങ്ങളേയും പ്രാപിപ്പിക്കുന്ന ആയുധസമൂഹം അഥവാ കിരണങ്ങളുള്ളത് (പുരാമ്) സംഗമിച്ചു ചേർന്ന ശത്രുക്കളുടെ നഗരങ്ങളേയും പദാർത്ഥങ്ങളേയും (ഭിന്ദുഃ) തന്റെ പ്രതാപ ത്താലൊ അഥവാ താപത്താലൊ നശിപ്പിക്കുകയോ ഭിന്നമാക്കുകയൊ ചെയ്യുന്ന (കവിഃ) രാജനൈതിക വിദ്യയേയൊ, ദൃശ്യപദാർത്ഥങ്ങളേയൊ സ്വീകരണങ്ങളാൽ പ്രകാശിപ്പിക്കുന്ന (പുരുഷ്ടുതഃ) അനേകം വിദ്വാന്മാരാലൊ ഗുണങ്ങളാലൊ സ്തുതിക്കാൻ യോഗ്യനായ (ഇന്ദ്രഃ) സേനാപതിയും സൂര്യലോകവും (വിശ്വസ്യ) സർവജഗത്തിലേയും (കർമണഃ) കാര്യങ്ങളെ (ധർത്താ) തന്റെ ബലത്താലൊ ആകർഷണഗുണത്താലൊ ധാരണം ചെയ്ത് നിലകൊള്ളുന്നത് (അജായത) അത്തരത്തിൽ ഉൽപ്പന്നമാവുന്നതും സൃഷ്ടിക്ക പ്പെട്ടതുമാവുന്നത്, അത് എല്ലായ്പ്പോഴും ലോക വ്യവഹാര സിദ്ധിയുടെ ഹേതുവാണ്.

**ഭാവാർത്ഥം :** ഈ മന്ത്രത്തിൽ ശ്ലേഷാലങ്കാരമാണ് ഉപയോഗിച്ചിരിക്കുന്നത്. എപ്രകാരമാണോ ഈശ്വരനാൽ രചിക്കപ്പെട്ടതും ധാരണം ചെയ്യപ്പെട്ടി ട്ടുള്ളതുമായ സൂര്യലോകം തന്റെ വജ്രരൂപമാവുന്ന കിരണങ്ങളാൽ എല്ലാ മൂർത്തിമത് (രൂപമുള്ള) പദാർത്ഥങ്ങളേയും വിഭിന്നമാക്കുന്നതും അനേകം ഗുണങ്ങളുടെ ഹേതുവായി വർത്തിക്കുന്നതും തന്റെ ആകർഷണരൂപ ഗുണത്താൽ പൃഥ്വി തുടങ്ങിയ ലോകങ്ങളെ ധരിക്കുകയും ചെയ്യുന്നത് അപ്രകാരം ശത്രുബലത്തെ നശിപ്പിക്കാനായി സാമ-ദണ്ഡങ്ങളുപയോഗിച്ച് ശത്രുക്കളെ വിഘടിപ്പിച്ച് ഉത്തമോത്തമ ഗുണങ്ങളെ ഗ്രഹിച്ചുകൊണ്ട് ഭൂമിയിൽ തന്റെ രാജ്യത്തെ പരിപാലിക്കുകയെന്ന കാര്യം സേനാപതിക്ക് ഉചിതമായിട്ടുള്ളതാണ്.

**(മഹർഷി ദയനാന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന് തർജ്ജമ : കെ.എം.രാജൻ)** തുടരും)

**അഭീമം മഹിമാ ദിവം വിപപ്രോ ബഭൂവ സപപ്രഥാഃ (യജുർവേദം 38.17)**

**ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.**

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

പുസ്തകം : 9 ലക്കം 9

**സൃഷ്ടി സംവത്സരം 1972949122/23 കലിവർഷം 5123, വൈദിക സൗരമാസം : മാധവം- ശുക്ര**
**ചാന്ദ്രമാസം : ചൈത്രം - വൈശാഖം, കൊല്ലവർഷം : 1196 മേടം- എടവം 2021 ഏപ്രിൽ**



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ** : കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വിശ്വശ്രവഃ
ആചാര്യ വാമദേവ് ആര്യ
വി. ഗോവിന്ദദാസ്
**പത്രാധിപ സമിതി** : കെ.കെ. ജയൻ,
എസ്. ശ്രീധരശർമ്മ, പാർവ്വതി കൃഷ്ണൻ
**വ്യവസ്ഥാപകൻ**: പി. ശിവശങ്കരൻ


**താളുകൾ മറിക്കുമ്പോൾ**


| | |
|---|---|
| വേദാദ്ധ്യയനം | 2 |
| മുഖവാണി | 3 |
| ഋഗ്വേദാദിഭാഷ്യഭൂമിക | 5 |
| മനുസ്മൃതി | 6 |
| വേദപുഷ്പങ്ങൾ | 7 |
| ദ്രൗപദിയും പഞ്ചപതികളും | 8 |
| ജീവിതം ഒരലയാഴി | 9 |
| യോഗദർശനം | 10 |
| അഷ്ടാധ്യായി പ്രവേശിക | 11 |
| ഗോകരുണാനിധി | 12 |
| മാപ്പിള | 13 |
| ഹിന്ദുസംഘടന എന്തുകൊണ്ട്? | 14 |
| ഋഗ്വേദത്തിന്റെ ഋക്സംഖ്യ | 15 |
| ആധുനിക സർജറി- ശല്യതന്ത്രം | 16 |
| Dayananda The Great | 18 |
| വാർത്തകൾ | 19 |



**വിലാസം**
ദായനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് - 679 504
Ph : 7907077891, 9446017440
Email :dayanandasandesam@gmail.com
Vist Us : www.aryasmajkerala.org.in
www.vedagurukulam.org


# മുഖവാണി

## ആരാണ് ഈശ്വരൻ (തുടർച്ച)

## ദൈവം ഇസ്ലാമിക വീക്ഷണത്തിൽ



**ര**ാത്രിയിൽ 10മണിക്കൂർ യാത്രചെയ്തതായി കണക്കാക്കുക ( ഇവിടെ രാത്രിയാണ് എന്ന് മുഹമ്മദ് സ്വയം പറയുന്നുണ്ട്). അഞ്ചു മണിക്കൂർ പോകാനും അഞ്ചു മണിക്കൂർ തിരിച്ചു വരാനും ബുറാഖ് എന്ന മൃഗത്തിന് പ്രകാശ വേഗത്തിൽ സഞ്ചരിക്കാൻ പറ്റുമെങ്കിലും വഴി മദ്ധ്യേയുണ്ടാവുന്ന ഗുരുത്വാകർഷണ ബലം പോലുള്ളവയെ അതിജീവിച്ച് അഞ്ചുമണിക്കൂറിൽ അദ്ദേഹത്തിന് സഞ്ചരിക്കാവുന്നത് 3,348,000,000 മൈലാണ് (ഏകദേശം മൂന്നര ബില്യൻ മൈൽ), ഭൂമിയിൽ ഏറ്റവും അടുത്തുള്ള നക്ഷത്ര മണ്ഡലമായ ആൽഫ സെന്റൂറി (Alfa Centuri) ഭൂമിയിൽ നിന്നും ഏകദേശം 25600 ബില്യൻ മൈൽ (4.36 പ്രകാശ വർഷം) അകലെയാണ്. ഇത് ബുറാഖ് സഞ്ചരിച്ചതിന്റെ 7600 മടങ്ങ് അധികമാണ്

**അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)**
**ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.**

(അഞ്ചുപ്രകാശ മണിക്കൂർ വേഗത്തിലാണ് അത് പോയത് എന്നു കണക്കിലെടുത്താൽ). ഇതിനർത്ഥം ഏഴാം ആകാശവും (നരകമുണ്ടെങ്കിൽ അതും) സ്ഥിതി ചെയ്യുന്നത്. സൂര്യനും ആൽഫ സെന്റൂറിക്കുമിടയിലാണോ എന്നാണോ? സൂര്യനോടടുത്തു കിടക്കുന്ന സ്ഥലമാണോ അത്? ഇവിടെയിരുന്നാണോ ദൈവം ആകാശഗംഗയും മറ്റു നക്ഷത്രമണ്ഡലങ്ങളും അടങ്ങിയ പ്രപഞ്ചം ഭരിക്കുന്നത്? മറ്റു നക്ഷത്രമണ്ഡലങ്ങളിലും സ്വർഗങ്ങൾ ഉണ്ടോ? ദൈവം അവിടങ്ങളിലേക്കും ഇടക്കിടെ പോകാറുണ്ടോ? ഏഴാം ആകാശത്താണൊ ദൈവം സ്ഥിരം സിംഹാസനാരൂഢനായിരിക്കുന്നത്?

ഖുറാനിൽ നിരവധിയിടങ്ങളിൽ ദൈവം സ്വർഗത്തിലെ സിംഹാസനത്തിലിരിക്കുന്നവനാണെന്ന് പറയുന്നുണ്ട്. എന്നാൽ ചുരുങ്ങിയത് ഒരിടത്തെങ്കിലും ദൈവം സർവ്വവ്യാപകനാണെന്നും പറയുന്നുണ്ട്. "കിഴക്കും പടിഞ്ഞാറും അള്ളാഹുവിന്റേതു തന്നെയാകുന്നു. നിങ്ങൾ എവിടേക്ക് തിരിഞ്ഞു പ്രാർത്ഥിച്ചാലും അവിടെ അള്ളാഹുവിന്റെ മുഖം ഉണ്ടായിരിക്കും"(സൂറ.2.115). ദൈവം സർവ്വവ്യാപകനാണെങ്കിൽ ഖുറാൻ വെളിപാട് ജിബ്രീൻ മാലാഖ മുഖാന്തിരം മുഹമ്മദിന് ലഭിക്കേണ്ടി വന്നത് എന്തുകൊണ്ടാണ്? ദൈവത്തിനത് മുഹമ്മദിന് നേരിട്ട് നൽകാമായിരുന്നില്ലേ? കൂടാതെ ഖുറാൻ പ്രകാശനത്തിന് ശേഷം ദൈവം ഒരു മുസ്ലീമുമായും നേരിട്ട് സംസാരിച്ചിട്ടില്ലേ?. അള്ളാഹു എല്ലാം കേൾക്കുകയും കാണുകയും ചെയ്യുന്നുവെന്ന് ഖുറാനിൽ പറയുന്നുണ്ട്. (സൂറ.17.1). വിശ്വാസികളായ മുസ്ലീങ്ങളുടെ അഞ്ചു നേരത്തെ പ്രാർത്ഥനകൾ ദൈവം നേരിട്ടു കേൾക്കുകയാണോ അതോ മാലാഖമാരോ ദൂതന്മാരൊ വഴി സ്വീകരിക്കു കയാണോ ചെയ്യുന്നത്? മാലാഖമാരെയും ദൂതന്മാരെയും ഉപയോഗിച്ചാണ് പ്രാർത്ഥനകളെ സ്വീകരിക്കുന്നത് എങ്കിൽ ക്രിസ്ത്യാനികളും ഏതാനും ഹിന്ദു വിഭാഗക്കാരും വിശ്വസിക്കുന്നതുപോലെ ഒരു മധ്യവർത്തിയുടെ ആവശ്യം ഉണ്ടെന്ന വാദം പോലെയാകും അത്. സർവ്വവ്യാപകനും സർവ്വാന്തര്യാമിയുമായ ദൈവം മധ്യവർത്തികളുടെ സഹായങ്ങൾ ആവശ്യമില്ലാത്തവനാണെന്ന വേദങ്ങളുടെ സിദ്ധാന്തങ്ങൾക്ക് കടകവിരുദ്ധമാണ് ഇത്.

(തുടരും)

**പത്രാധിപർ**

**ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)**

**മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.**



(മുൻലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ : കെ. എം. രാജൻ

## 4. വേദവിഷയവിചാരഃ

**എ**ന്നാൽ ഹോമം ചെയ്യുന്ന മനുഷ്യർക്ക് ഹോമദ്രവ്യങ്ങളുടെ ഉത്തമ സംസ്കാരവും ഹോമം ചെയ്യുന്നവർക്ക് ഹോമം ചെയ്യാനുള്ള ശ്രേഷ്ഠവിദ്യയും തീർച്ചയായും അറിഞ്ഞിരിക്കേണ്ടതാണ്. ഇപ്രകാരം യഥാവിധി യജ്ഞം ചെയ്യുന്നതിലൂടെ എല്ലാവർക്കും ഉത്തമഫലപ്രാപ്തിയുണ്ടാവുന്നു. പ്രത്യേകിച്ച് യജ്ഞകർത്താവിന്. മറ്റുവിധത്തിലല്ല.

അത്രപ്രമാണമ് -

**അഗ്നേർവൈ ധൂമോ ജായതേ ധൂമാദഭ്രമഭ്രാദ്**
**വൃഷ്ടിരഗ്നേർവാ ഏതാ ജായന്തേ തസ്മാദാഹ തപോജാ ഇതി ॥**

(ശ.കാ.5.അ.3.ബ്രാ.5.ക.17)

**അസ്യായമഭിപ്രായഃ** - അഗ്നേഃ സകാശാദ് ധൂമവാഷ്പൗ ജായേതേ। യദാƒയമഗ്നിർവൃക്ഷൗഷധിവനസ്പതിജലാദിപദാർത്ഥാൻ പ്രവിശ്യ താൻ സംഹതാൻ ബിഭിദ്യ തേഭ്യോ രസം ച പൃഥക് കരോതി, പുനസ്തേ ലഘുത്വമാപന്നാവായ്വാധാരേണോപര്യാകാശം ഗച്ഛന്തി। തത്ര യാവാൻ ജലരസാംശസ്താവതോ വാഷ്പസംജ്ഞാസ്തി। യശ്ച നിഃസ്നേഹോഭാഗഃ സ പൃഥിവ്യംശോƒസ്തി അത ഏവോഭയഭാഗയുക്തോ ധൂമ ഇത്യുപചര്യതേ। പുനർധൂമഗമനാനന്തരമാകാശേ ജലസംചയോ ഭവതി। തസ്മാദഭ്രം ഘനാ ജായന്തേ। തേഭ്യോ വായുദലേഭ്യോ (തേഭ്യോ ധൂമമിശ്രിതേഭ്യോ വായുദലേഭ്യ ഇത്യർത്ഥഃ വായുദലശബ്ദസ്യൈവ 'യു' ലോപേ 'ബാദല' ഇത്യപഭ്രംശ ഉപപദ്യതേ।) വൃഷ്ടിർ ജായതേ അതോƒഗ്നേരേവൈതായവാദയഃ ഓഷധയോ ജായന്തേ। താഭ്യോƒന്നമന്നാദ് വീര്യം വീര്യാച്ഛരീരാണി ഭവന്തീതി।

**ഭാഷാർത്ഥം** : ഇതിന് ശതപഥബ്രാഹ്മണത്തിലും പ്രമാണമുണ്ട്- (അഗ്നേ..) അഗ്നിയിൽ ഹോമിക്കുന്ന ദ്രവ്യങ്ങളിൽ നിന്ന് പുകയും നീരാവിയും ഉൽപന്നമാവുന്നു. അഗ്നിയുടെ സ്വഭാവം ഇതാണ്. അത് പദാർത്ഥങ്ങളിൽ പ്രവേശിച്ച് (വൃക്ഷം, ഔഷധി, വനസ്പതി എന്നിവയിലും ജലം തുടങ്ങിയവയിലും) അവയെ ഭിന്നഭിന്നമാക്കുന്നു.

(തുടരും)

*വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)*
*വിപ്രൻ സത്യവ്രതനും അമരനുമാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ : കെ.എം. രാജൻ

## അധ്യായം : 1 മനുസ്മൃതിയുടെ മഹത്ത്വം, രചയിതാവ്, കാലവും ആദ്യരൂപവും (തുടർച്ച)

"The smrithi of manu not to guide the life of any single community, but to be a general guide for all classes of the state" (P.404) അതായത് മനുവിനാൽ രചിക്കപ്പെട്ട സ്മൃതി (മനുസ്മൃതി) ഏതെങ്കിലും ഒരു സമുദായത്തിന്റെ ജീവിതപാതയെ പ്രദർശിപ്പിക്കുന്നതല്ല. മറിച്ച് ലോകത്തിലെ എല്ലാ സമുദായങ്ങൾക്കും സമാനമായി ജീവിതമാർഗ്ഗത്തെ പ്രദർശിപ്പിക്കുന്നതാണ്.

(ഘ) ജർമ്മനിയിലെ വിഖ്യാത ദാർശനികനായിരുന്ന ഫ്രെഡറിക് നീറ്റ്ച്സേ (Friederich Nietzche) 'ബിയോണ്ട് നിഹിലിസം' നീറ്റ്ച്സേ, വിത്തൗട്ട് മാസ്ക്സ് (Beyond Nihilism:Nietzche without Masks) എന്ന ഗ്രന്ഥത്തിൽ മനുസ്മൃതിയേയും ബൈബിളിനേയും താരതമ്യം ചെയ്തത് മനുസ്മൃതി ബൈബിളിനേക്കാൾ ഉത്തമമായ ശാസ്ത്രമാണെന്നും ബൈബിളിനെ തള്ളിക്കൊണ്ട് മനുസ്യ്മതി പഠിപ്പിക്കാൻ ആഹ്വാനം നൽകുന്നു. അദ്ദേഹം പറയുന്നു "How wretched is the new testament compared to Manu. How faul is smalls!" (P41). "Close the Bible and open the Code of Manu" (The will to power, Vol, I, Book II, P.126).

**അർത്ഥം:** മനുസ്മൃതി ബൈബിളിനെക്കാൾ ഉത്തമമായ ഗ്രന്ഥമാണ്. അശ്ലീലതയുടേയും മോശം കാര്യങ്ങളുടേയും ദുർഗ്ഗന്ധമാണ് ബൈബിളിൽ നിന്ന് വരുന്നത്. അതിനാൽ ബൈബിൾ അടച്ചുവെച്ച് മനുസ്മൃതി പഠിക്കുക.

(തുടരും)

**ഈശാവാസ്യമിദം സർവ്വം (യജു. 40.1)**
**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**

(മുൻലക്കത്തിന്റെ തുടർച്ച)




# വേദ പുഷ്പങ്ങൾ

കെ.എം. രാജൻ

## ഐകമത്യ സൂക്തം

സംവനന ഋഷിഃ। സംജ്ഞാനം ദേവതാ ।അനുഷ്ടുപ് ഛന്ദഃ। ഗാന്ധാരഃ സ്വരഃ ॥

**സം ഗച്ഛധ്വം സം വദധ്വം സം വോ മനാംസി ജാനതാമ് ।**

**ദേവാ ഭാഗം യഥാ പൂർവേ സംജാനാനാ ഉപാസതേ ॥**

(ഋഗ്വേദം 1.191.2)

**അന്വയാർത്ഥം :** (സങ്ഗച്ഛധ്വമ്) അല്ലയോ മനുഷ്യരെ! നിങ്ങൾ പരസ്പരം കൂടിചേർന്നാലും. സമാജരൂപത്തിൽ സംഗമിച്ചാലും. എന്തുകൊണ്ടെന്നാൽ (സംവദധ്വമ്) നിങ്ങൾക്ക് സംവദിക്കാൻ കഴിയട്ടെ, വിവാദമുണ്ടാവാതിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ (വഃ മനാംസി) നിങ്ങളുടെ മനസ്സുകൾ (സം ജാനതാമ്) ഒന്നായിത്തീരട്ടെ. എന്തുകൊണ്ടെന്നാൽ (സം ജാനാനാഃ പൂർവേ ദേവാഃ) ഒറ്റ മനസ്സായിത്തീർന്ന് പ്രാചീന പണ്ഡിതന്മാർ (യഥാ) എപ്രകാരമാണോ (ഭാഗമ് ഉപാസതേ) തങ്ങളുടെ പങ്കാളിത്തവും അധികാരവും ലാഭങ്ങളും അനുഭവിച്ചിരുന്നത് അപ്രകാരം നിങ്ങളും ചെയ്യുമാറാകട്ടെ.

**ഭാവാർത്ഥം :** മനുഷ്യരിൽ ഭിന്നതയുണ്ടാവാതിരിക്കട്ടെ. മറിച്ച് എല്ലാവരും ഒരേ നൂലിൽ കോർക്കപ്പെട്ട മുത്തുകൾപോലെ വർത്തിക്കട്ടെ. കൂടിച്ചേർന്നിരിക്കട്ടെ. എന്തിനെന്നാൽ പരസ്പരം സംവദിക്കാനായി കൂടിച്ചേരട്ടെ. അന്യോന്യം സുഖദുഃഖങ്ങളേയും അഭിപ്രായങ്ങളേയും കേൾക്കുമാറാകട്ടെ. സംവദിക്കുന്നതിലൂടെ എല്ലാവരുടേയും മനസ്സ് ഒന്നായിത്തീരട്ടെ = ഒരേ ലക്ഷ്യമുള്ളവരായിത്തീരട്ടെ. ഒരേ ലക്ഷ്യമാവുന്നതിന്റെ ഉദ്ദേശ്യമെന്തെന്നാൽ എപ്രകാരമാണോ ശ്രേഷ്ഠപണ്ഡിതർ ഒറ്റ മനസ്സായിത്തീർന്ന് മനുഷ്യ രാശിയുടെ യഥാർത്ഥ സുഖത്തെ പ്രാപിച്ചിരുന്നത്, അപ്രകാരം നിങ്ങളും ആയിത്തീർന്നാലും.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*

***ഹിംസ ചെയ്യാതിരിക്കൂ.***

(മുൻ ലക്കത്തിന്റെ തുടർച്ച)



# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ : കെ. എം. രാജൻ

3. എപ്പോഴും വേദവിരുദ്ധമായ വരദാനം നൽകുന്നതിൽ നിന്നും ശിവൻ വേദങ്ങളെ അറിയാത്തവനൊ മാനിക്കാത്തവനൊ ആണെന്നുവരും.

4. സാമാന്യ ധർമ്മംപോലും അറിയാത്തവർക്ക് വേദങ്ങളും വൈദിക ധർമ്മവും അറിയുക അസാധ്യമാണ്.

ഇദ്ദേഹത്തെക്കാളും ധർമ്മത്തെക്കുറിച്ചുള്ള അറിവും ലോക വ്യവഹാരവും മഹാത്മാ ദ്രുപദന് അറിയാമായിരുന്നു.

**ഏകസ്യ ബഹ്വയോ വിഹിതാ, മഹിഷ്യഃ കുരുനന്ദന I**

**നൈകസ്യാ ബഹവഃ പുംസഃ ശ്രൂയന്തേ പതയഃ ക്വചിത് II**

(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 194 ശ്ലോകം 27)

**ഭാവാർത്ഥം** : ഒരു പുരുഷനോ അഥവാ ഒരു രാജാവിനോ നിരവധി രാജപത്നിമാർ ഉണ്ടാവാം. ശാസ്ത്രങ്ങളിൽ അത്തരം വിധികൾ കാണുന്നുണ്ട്. എന്നാൽ ഒരു സ്ത്രീക്ക് അനേകം പതികൾ ഉണ്ടാവുക എന്നത് ലോകാചാരത്തിനും വേദത്തിനും രണ്ടിനും വിരുദ്ധമാണ് എന്ന് ദ്രുപദൻ തുടർന്ന് പറയുന്നുണ്ട്. നോക്കിയാലും:-

**ലോകവേദവിരുദ്ധ ത്വം ന ധർമമ് ധർമവിച്ഛുചിഃI**

**കർതുമർഹസി കൗന്തേയ കസ്മാത് തേ ബുദ്ധിരീദൃശീ II**

(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 194 ശ്ലോകം 28)

**ഭാവാർത്ഥം**: നീ ധർമ്മത്തെ അറിയിക്കുന്നവനും പവിത്രനുമാണ്. അതിനാൽ ലോകത്തിനും വേദത്തിനും വിരുദ്ധമായ ഈ അധർമ്മം ചെയ്യരുത്. അല്ലയോ കുന്തീ പുത്രാ! നിന്റെ ബുദ്ധി എന്തുകൊണ്ട് ഇപ്രകാരമായിപ്പോയി!

സർവമംഗളകാരിയായ ശിവഭഗവാൻ ഇത്തരത്തിലൊരു വരദാനം നൽകില്ലായെന്ന് സാധാരണ മനുഷ്യർക്കുപോലുമറിയാം.


കള്ളക്കഥകൾ എഴുതുന്നവർക്ക് ഇത്രയും ആഴത്തിൽ അറിയുന്നതുകൊണ്ട് പ്രയോജനമൊന്നുമില്ല. എങ്ങനെയെങ്കിലും ദ്രൗപദിക്ക് അഞ്ചു പതികൾ ഉണ്ടെന്ന് വരുത്തിതീർക്കുകയാണ് അവരുടെ താൽപര്യം. എന്തെങ്കിലും സംജ്ഞകളാലൊ അല്ലാതെയോ അത് ഉണ്ടാക്കിയെടുക്കണം.

സഹോദരരേ! കള്ളക്കഥൾക്കും വല്ലപ്പോഴുമൊക്കെ പ്രഭാവമുണ്ടാവും. വളരെയധികം പേർ അസംഭവമായ കാര്യങ്ങളെ അംഗീകരിച്ചു തുടങ്ങുന്നു. അനുചിതമായവയിൽ അനുചിതമായവയും ഉചിതമാണെന്ന് മനസ്സിലാക്കുന്നു.

(തുടരും)

**യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)**

**ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ**



(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

"**പൃ**ഥ്വിരാജിന്റെ മുത്തച്ഛൻ (മാതൃപിതാവ്) അനംഗപാലിനു മുമ്പും ഉണ്ടായിരുന്നു ഈ മിനാർ സ്തംഭമെന്ന് ചന്ദ്ബർദായിയുടെ കാവ്യത്തിൽ വെളിപ്പെടുത്തുന്നുണ്ട്. ഏതാണ് ശരിയെന്ന് ഗവേഷണം ചെയ്തേ അറിയൂ. എന്നാൽ യുക്തിപരമായി നോക്കുമ്പോൾ രണ്ടാമത്തേതാണ് വിശ്വസനീയം. മുസ്ലീം മതം രൂപംകൊണ്ട് 1000 ൽപരം വർഷങ്ങളേ ആയിട്ടുള്ളൂ. മിനാറിന് അതിലധികം പഴക്കമുണ്ടെന്നാണ് ആധുനിക നിഷ്പക്ഷമതികളായ ശാസ്ത്രജ്ഞരുടെ മതം. എന്തെന്നാൽ ബുദ്ധിക്കും യുക്തിക്കും പ്രമാണത്തിനും മൂല ലക്ഷണങ്ങൾക്കും നിരക്കുന്നതാണതെന്നതു തന്നെ."

"ചന്ദ്ബർദായി ഉദ്ധരിച്ച ചരിത്രം പ്രാമാണികമായി എടുക്കാൻ പറ്റുമോ?. കവിസ്വഭാവമനുസരിച്ച് നായകനെ നന്നാക്കാൻ അതിശയോക്തി കൂട്ടിക്കലർത്തിയിട്ടുണ്ടാവില്ലേ? തുളസീരാമായണത്തിൽ കവി ചെയ്തതുപോലെ." പത്മനാഭൻ നായർ സംശയം പ്രകടിപ്പിച്ചു. "അങ്ങ് പറയുന്നത് ചന്ദ്ബർദായിയുടെ വിവരണം സംഭാവാസംഭവങ്ങൾ ചേർത്തെഴുതിയ ഐതിഹ്യം പോലെ, സംഭവവും അതിൽകൂട്ടിയ സംഭാവ്യവുമാണെന്നല്ലേ? ശരിയായിരിക്കാം. പക്ഷേ സങ്കല്പത്തിനും വേണം ബലമായൊരവലംബം- പിടിവള്ളി, ലതക്കും വൃക്ഷസമാനം. ആ അവലംബത്തിന് കോട്ടം- വിമർശനാത്മകം ആവാതെ ഭാവന ചേർത്തുണ്ടാക്കുന്നതാണ് കവിത. അല്ലെങ്കിൽ പിന്നെ എന്തു സാഹിത്യമാണത്? അതുകൊണ്ട് കുറച്ചൊക്കെ സത്യമതിലുണ്ടാവുമെന്ന് വിശ്വസിക്കാം. ചിത്രമെഴുതാൻ ചുമർ വേണമെന്നതാണതിനുകാരണം. ഇംഗ്ലീഷുകാർ എഴുതിയ ഇന്ത്യൻ ചരിത്രത്തിൽ സത്യത്തെ - സംഭവിച്ചതിനെ - വളച്ചൊടിക്കുകയാണ് ചെയ്തത്. ഖിലാഫത്തിന്റെ മറപിടിച്ച് മാപ്പിള ലഹളക്ക് കർഷക സമരം എന്ന വ്യാജപേര് കൊടുക്കാൻ പ്രേരണ നൽകിയത് ആ വ്യാജമിശ്രണമാണ്. അതുകൊണ്ട് ഈ മിനാർ സ്തംഭം നിർമ്മിച്ചത് ഗജനി പ്രഭൃതികളുടെ അടിമയായ കുത്ബബുദ്ദീനല്ലാ എന്നതാണ് എന്റെ മതം." പാച്ചൻ വിട്ടില്ല. യുക്തിയുക്തം സമർത്ഥിച്ചു.

പാച്ചനും പത്മനാഭൻ നായരും മുകൾ തട്ടിലെത്തി. വക്കത്തു പോയി നോക്കിയാൽ തലകറങ്ങും, കാലിടറും. താഴെ പോകുന്ന റോഡുകൾ കൃഷ്ണ സർപ്പങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും വളഞ്ഞു പുളയുന്നതുപോലെ കാണപ്പെടുന്നു.

(തുടരും)

**യന്തി പ്രമാദമതന്ദ്രാഃ (സാമം 721)**

**ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു**

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ. എം. രാജൻ

**ഏ**തൊന്നാലാണോ പദാർത്ഥസ്വരൂപത്തിന്റെ യഥാവിധി പരിജ്ഞാനമുണ്ടാവുന്നത് അതിനെ പ്രമാണമെന്ന് പറയുന്നു. പ്രത്യക്ഷം, അനുമാനം, ആഗമം എന്നീമൂന്ന് പ്രമാണങ്ങൾ പദാർത്ഥസ്വരൂപത്തെ മനസ്സിലാക്കുന്നതിനുള്ള ഉപായങ്ങളാണ്. ഇവയുടെ സഹായമില്ലാതെ മനുഷ്യൻ പദാർത്ഥങ്ങളുടെ പരിജ്ഞാനം നടത്തി തന്റെ പ്രയോജനങ്ങളെ സിദ്ധിപ്പിക്കുന്നതിൽ സമർത്ഥനാവില്ല. എന്നാൽ സമാധിപ്രാപ്തിക്കായി ഒരു പരിധി വരെ ഇവയെ അവരോധിക്കാവുന്നതാണ്. ചിത്തത്തെ ഏകാഗ്രമാക്കുന്ന സമയത്ത് ഏതെങ്കിലും ഒരു പ്രമാണത്തെയാണ് പ്രയോഗിക്കാറുള്ളത്. മറ്റു പ്രമാണങ്ങളെ അവരോധിക്കുന്നു. ഉദാഹരണമായി ഒരു വ്യക്തി ഏതെങ്കിലും ഒരു വൃക്ഷസ്വരൂപത്തെ അറിയുന്നതിനുവേണ്ടി സ്വന്തം ചിത്തത്തെ ഏകാഗ്രമാക്കുമ്പോൾ പ്രത്യക്ഷപ്രമാണമെന്ന ഒരു പ്രമാണത്തെ മാത്രമേ സ്വീകരിക്കുകയുള്ളൂ. മറ്റു പ്രമാണങ്ങളെ അവരോധിക്കുന്നു. അതായത് അനുമാനം, ആഗമം എന്നീ പ്രമാണങ്ങളെ തടഞ്ഞു നിർത്തുന്നു. പ്രത്യക്ഷപ്രമാണത്തിലും നേത്രേന്ദ്രിയം മുഖേന ഏതൊന്നാണോ പ്രത്യക്ഷമാവുന്നത് അതിനെ പ്രയോഗിക്കുന്നു. നാസിക തുടങ്ങിയ ഇന്ദ്രിയങ്ങളാൽ ഉണ്ടാവുന്ന പ്രത്യക്ഷത്തെ പ്രയോഗിക്കുന്നില്ല. ഇപ്രകാരം ധ്യാനസമയത്ത് ആഗമപ്രമാണത്തെയാണ് പ്രയോഗിക്കാറുള്ളത്. അന്യപ്രമാണങ്ങളെയല്ല. ആഗമപ്രമാണത്തിൽ ഏതെങ്കിലും ഒരു വാക്യത്തേയും അഥവാ മന്ത്രത്തെയാണ് പ്രയോഗിക്കാറുള്ളത്. മറ്റുവാക്യങ്ങളെ അവരോധിക്കുന്നു. ഉദാഹരണമായി ഒരു വ്യക്തി ധ്യാനസമയത്ത് പ്രണവത്തേയോ ഗായത്രീയേയോ അഥവാ മറ്റു മന്ത്രങ്ങളേയോ ജപിക്കുമ്പോൾ മറ്റു വാക്യങ്ങളെ തടഞ്ഞു നിർത്തുന്നു.

ധ്യാന സമയത്ത് പ്രണവാദികളുടെ ജപം നിഷിദ്ധമല്ല. എന്തെന്നാൽ സാധകൻ അധികാരപൂർവ്വം പ്രണവാദി ജപവാക്യങ്ങളാൽ ചിത്തത്തിന്റെ ഏകാഗ്രതയെ നേടുന്നു. അയാളുടെ ഏകാഗ്രാവസ്ഥക്ക് വേണ്ടി "തജ്ജപസ്തദർത്ഥഭാവനം" എന്ന യോഗ സൂത്രത്താൽ ജപിക്കാൻ വിധിച്ചിരിക്കുന്നു. "നദസ്യ യോഗിനഃ പ്രണവം ജപതഃ പ്രണവാർത്ഥം ച ഭാവയതഃ ചിത്തമേകാഗ്രം സംപദ്യതേ" പ്രണവ ജപം ചെയ്യുന്നവനും അതേപോലെ പ്രണവാർത്ഥത്തെ ഭാവന ചെയ്യുന്നവനുമായ യോഗിയുടെ ചിത്തം ഏകാഗ്രമായിത്തീരുന്നു.

(തുടരും)

**ബൃഹദ് വദേമ വിവഥേ സുവീരാഃ (യജുർവേദം 34.58)**
**ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും**



# ശ്രൗത കർമ്മകാണ്ഡത്തിന്റെ മഹത്വവും മഹർഷി ദയാനന്ദനും

ആചാര്യ ഉദയൻ മീമാംസക്
തർജ്ജമ : കെ.എം.രാജൻ

**സ**ാർവ്വഭൗമ - സാർവ്വകാലിക- സാർവ്വജനീന സർവ്വ വിധഹിതം ചെയ്യുന്ന ജ്ഞാനഭണ്ഡാരമായി അറിയപ്പെട്ടിരുന്ന വേദങ്ങൾ മദ്ധ്യകാല ഘട്ടത്തിൽ കേവലം യജ്ഞത്തിന്റെ പ്രതിപാദകം മാത്രമായിത്തീർന്ന് യാജ്ഞികരുടെ സ്വാർത്ഥ കരങ്ങളിൽ ബന്ധിക്കപ്പെട്ട് "യജ്ഞാർത്ഥ വേദഃ പ്രവൃത്താഃ ।"അതായത് വേദങ്ങൾ കേവലം യജ്ഞത്തിനു വേണ്ടിയുള്ളതാണ് എന്നതരത്തിലായിത്തീർന്നു. മറ്റൊരു പ്രയോജനവും ഇല്ല എന്ന് കരുതപ്പെട്ടു. തന്മൂലം വേദങ്ങൾ ആട്ടിടയന്മാരുടെ ഗീതങ്ങളാണെന്ന് പറയപ്പെട്ടു തുടങ്ങി. ഈ കഠിനമായ പരിതസ്ഥിതിയിലാണ് വേദങ്ങളെ വീണ്ടും പൂർവ്വകാല വൈഭവത്തിലേക്ക് കൊണ്ടുവരാനായി മഹർഷി ദയാനന്ദ സരസ്വതി ഉത്തമായ ഒരു ഭാഷ്യമെഴുതിയത്. തന്മൂലം വേദങ്ങളുടെ മഹത്വത്തെക്കുറിച്ച് ജനങ്ങളിൽ വീണ്ടും അഭിമാനം ഉണ്ടായി എന്നു മാത്രമല്ല, വേദങ്ങൾ എല്ലാ വ്യവഹാരങ്ങളും അടങ്ങിയ വൈജ്ഞാനികവും ആധ്യാത്മികവുമായ വിഷയങ്ങളുടെ പ്രതിപാദനമുള്ളവയാണെന്ന് ജനങ്ങൾക്ക് ബോധ്യമായിത്തുടങ്ങി എന്നാൽ മഹർഷിയുടെ വേദഭാഷ്യം അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഏകാംഗമായിരുന്നു. എന്തെന്നാൽ അദ്ദേഹം വേദങ്ങളുടെ യാജ്ഞികാർത്ഥങ്ങളേയും വ്യാഖ്യാന ങ്ങളെയും മാനിച്ചിരുന്നു. ഇത് എല്ലാവരുടെ സമക്ഷവും വന്നിട്ടില്ല.

**"തത്ര ദ്വിതീയോ വിഷയഃ കർമ്മകാണ്ഡാഖ്യഃ സഃ സർവ്വഃ ക്രിയാമയോഽസ്തി"**

(ഋഗ്വേദം ഭാ.ഭൂ. വേദവിഷയം)

ഇവിടെ ഒരു ചോദ്യമുയർന്നുവരാം. അദ്ദേഹം യാജ്ഞികഭാഷ്യത്തെയും അംഗീകരിച്ചിരുന്നുവെങ്കിൽ എന്തുകൊണ്ടാണ് വേദങ്ങൾക്ക് ഒരു യാജ്ഞിക ഭാഷ്യം എഴുതാതിരുന്നത് എന്നതാണത്. ഇതിനുള്ള മറുപടി മഹർഷി സ്വയം പറയുന്നുണ്ട്. "കർമ്മ കാണ്ഡപരമായ വ്യാഖ്യാനവും വിനിയോഗവും ഐതരേയാദി ബ്രാഹ്മണഗ്രന്ഥങ്ങളിൽ വിശദീകരിച്ചതിനാൽ വീണ്ടും ഒരു യാജ്ഞികാർത്ഥം എഴുതിയാൽ അത് പൊടിയെ വീണ്ടും പൊടിക്കുന്നതു പോലെയായിരിക്കും (ഋഗ്വേദാദി ഭാഷ്യഭൂമികയിലെ പ്രതിജ്ഞാ വിഷയത്തിലെ ആദ്യ വരികൾ).

(തുടരും)

*ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10.28)*
*ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# ഗോകരുണാനിധി

മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ : കെ. എം. രാജൻ

**രക്ഷകൻ** : "ധർമ്മാധർമ്മങ്ങൾ വ്യവഹാരങ്ങളിലല്ലാതെ മറ്റെങ്ങാനുമുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ആചരണങ്ങളിൽ വ്യത്യസ്തമായി ധർമ്മങ്ങൾ മറ്റെവിടെയെങ്കിലും ഉണ്ടെന്ന് നിങ്ങൾക്ക് തെളിയിക്കാനാവില്ല. ഏതൊരു ആചരണത്താൽ അന്യർക്ക് ഹാനിയുണ്ടാകുന്നുവോ അത് അധർമ്മമാണ്. എന്നാൽ മറ്റുള്ളവർക്ക് ഉപകാരമുണ്ടാവുന്നത് ധർമ്മമാണ്. അതിനാൽ ലക്ഷക്കണക്കിനു പേർക്ക് സുഖകരവും ലാഭകരവുമായ പശുക്കളെ കൊല്ലുന്നത് അധർമ്മവും അവയെ സംരക്ഷിച്ച് ലക്ഷക്കണക്കിന് ആളുകൾക്ക് സുഖമുണ്ടാക്കുന്നത് ധർമ്മവുമാവുന്നു എന്നത് എന്തുകൊണ്ട് മാനിക്കുന്നില്ല? മറ്റുള്ളവർക്ക് ഹാനിയുണ്ടാക്കുന്നതിനാൽ മോഷണം തുടങ്ങിയവ അധർമ്മമാണ്. പണവും മറ്റും കൊണ്ട് ഉടമസ്ഥൻ ചെയ്യുന്നത് മാത്രമേ മോഷ്ടാവിനു ചെയ്യാനാവൂ. ഇതിൽ നിന്നും മനസ്സിലാക്കേണ്ടത് ലോകത്തിന് ഹാനികരമായ കർമ്മങ്ങളെല്ലാം അധർമ്മമാണ്. പരോപകാരമായവയെല്ലാം ധർമ്മവുമാണ്.

ഒരാൾക്ക് മാത്രം ഹാനി വരുത്തുന്ന മോഷണം തുടങ്ങിയ കർമ്മങ്ങൾ പാപത്തിന്റെ ഗണത്തിൽപ്പെടുത്തുമ്പോൾ പശു തുടങ്ങിയ മൃഗങ്ങളെകൊണ്ട് അനേകം പേർക്ക് ഹാനി വരുത്തുന്നത് എന്തുകൊണ്ട് മഹാപാപമാകുന്നില്ല? നോക്കിയാലും! മാംസാഹാരികളായ മനുഷ്യരിൽ ദയ തുടങ്ങിയ ഉത്തമഗുണങ്ങൾ ഉണ്ടാവുന്നില്ല എന്നാൽ സ്വാർത്ഥതയ്ക്കടിമപ്പെട്ട് മറ്റുള്ളവർക്ക് ഹാനിവരുത്തി സ്വന്തം കാര്യം നേടാൻ സദാ തൽപരരാണവർ. കൊഴുത്തു തടിച്ച ഒരു പശുവിനെ കണ്ടാൽ മാംസഭുക്കുക്കൾക്ക് മാംസം അധികമുണ്ടെന്ന് കണ്ട് ആ പശുവിനെ കൊന്നു തിന്നാൻ ആഗ്രഹമുണ്ടാവും. എന്നാൽ മാംസം കഴിക്കാത്തവർ അത്തരം പശുവിനെ കണ്ടാൽ അതിന്റെ ആനന്ദം കണ്ട് അയാൾ സന്തോഷിക്കുകയാണ് ചെയ്യുക. എപ്രകാരമാണോ സിംഹം തുടങ്ങിയ മാംസാഹാരികളായ മൃഗങ്ങൾ ആർക്കും ഉപകാരങ്ങളൊന്നും ചെയ്യാതെ സ്വന്തം കാര്യത്തിനായി മറ്റു ജീവികളെ കൊന്നുതിന്നുന്നതുപോലെയാണ് മാംസാഹാരികളായ മനുഷ്യരും ചെയ്യുന്നത്. അതിനാൽ മാംസഭക്ഷണം മനുഷ്യർക്ക് ഉചിതമായതല്ല."

(തുടരും)

**തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)**

**ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !**



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# മാപ്പിള

വീർവിനായക് ദാമോദർ സവർക്കർ
തർജ്ജമ: കെ.എം. രാജൻ

## അദ്ധ്യായം 1

"**അ**പ്പോൾ അവർക്കും അത് മോശം അനുഭവമായിത്തോന്നുന്നുണ്ടാവും. എന്നാൽ ഈ പാപം കഴുകിക്കളയാനുള്ള മാർഗ്ഗം മുസ്ലീമായി ത്തീരുകയാണോ? നിന്റെ ബുദ്ധി ഇത് അംഗീകരിക്കുന്നുണ്ടോ?. അയിത്താചരണം ഹിന്ദുക്കൾക്കിടയിൽ തൊട്ടു കൂടായ്മയുടെ പ്രചാരം ചെയ്തിട്ടുണ്ട് എന്നത് നേരു തന്നെയെന്ന് ഒന്നല്ല ആയിരം വട്ടം പറയാൻ സാധിക്കും. എന്നിരുന്നാലും മുസ്ലീങ്ങൾ ഏതൊന്നിനെയാണോ ഈശ്വരീയാജ്ഞയായി കരുതുന്നത്, അത് ഏറ്റവും വലിയ തൊട്ടുകൂടായ്മയല്ലേ?"


"കാരണം ഇതാണ്. ഇരുപത് കോടി മുസൽമാൻമാരെ ഒഴിച്ചു നിർത്തിയാൽ ബാക്കിവരുന്ന കോടിക്കണക്കിന് ജനങ്ങൾ ഇസ്ലാം മതം അനുസരിച്ച് തൊട്ടുകൂടാൻ പാടില്ലാത്തവരല്ലേ? അവരുടെ ഉദ്ധാരണം പാടില്ല. എന്തെന്നാൽ അവർക്ക് മുക്തിനേടാൻ ഒരു മാർഗ്ഗവുമില്ല. അവരുടെ ആയിരക്കണക്കിന് പൂർവ്വജരായ സന്ന്യാസിമാരും മറ്റും നരകത്തിൽ പോയിരിക്കുന്നു- അല്ലെങ്കിൽ പോകുന്നു. പ്രവാചകന്റെ പുസ്തകത്തിൽ വിശ്വാസം അർപ്പിക്കാത്തവരെ ദൈവം സ്പർശിക്കുക പോലുമില്ല. ഇത്തരത്തിലുള്ള കാര്യങ്ങൾ ഖുറാനിൽ എഴുതിയിട്ടുണ്ട്. ഇതിന്റെ അർത്ഥം ദൈവവും തന്റെ മതത്തിന്റെ കാഴ്ച്ചപ്പാട് അനുസരിച്ച് തൊട്ടുകൂടാൻ പാടുള്ളവരും പാടില്ലാത്തവരും ഉണ്ടെന്ന് കരുതുന്നുവെന്നല്ലേ?"

"തൊട്ടു കൂടാത്തവരായ നമുക്ക് പുണ്യാചരണങ്ങൾ ചെയ്ത് അടുത്ത ജന്മത്തിൽ തൊട്ടുകൂടാൻ പറ്റുന്നവരായിത്തീരാമെന്ന് ആശയുണ്ട്. എന്നാൽ അയിത്തക്കാരായ കോടിക്കണക്കിന് പേർക്ക് പുനർജന്മമുണ്ടാവില്ലെന്നും അവർ നരകത്തിൽ പോകുമെന്നും ഇസ്ലാം പറയുന്നു. അവർ നരകത്തിൽ പോയി കഷ്ടതയനുഭവിക്കുമത്രെ! ദൈവം അവരെ ശ്രദ്ധിക്കില്ലത്രെ! കേവലം മുസ്ലീങ്ങൾ മാത്രമാണ് സ്വർഗത്തിനവകാശികൾ. മറ്റെല്ലാവരും നിന്റെ ശ്രീരാമചന്ദ്രനും ശ്രീകൃഷ്ണനും പാണ്ഡുരംഗഭക്തനായ പുണ്ഡലീകരടക്കം നരകത്തിൽ കിടക്കും.

(തുടരും)

**ധർമ്മം ചര (തൈ. ഉ. 1.11.1)**
**ധർമ്മാചരണം ചെയ്യൂ !**

(മുൻലക്കത്തിന്റെ തുടർച്ച)



# ഹിന്ദുസംഘടന എന്തുകൊണ്ട്? എങ്ങനെ?

സ്വാമി ശ്രദ്ധാനന്ദൻ
തർജ്ജമ : കെ. എം. രാജൻ

## ഒന്നാം പതിപ്പിന്റെ ആമുഖം (തുടർച്ച)

**അ**നാര്യന്മാർ ആരെങ്കിലും വന്നാലും അവരെ ആര്യന്മാരുടെ സമൂഹം സ്വയം തങ്ങളിൽ ലയിച്ചുചേർക്കുമായിരുന്നു. അക്കാലത്ത് മൂന്ന് ഉന്നത വർണ്ണങ്ങളെയുണ്ടായിരുന്നുള്ളൂ. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ എന്നിവരാണവ. ഇവരിൽ ഉപജാതികളൊന്നും ഉണ്ടായിരുന്നില്ല. മുഖ്യവർണ്ണങ്ങളിൽ പാരസ്പരിക വിവാഹങ്ങൾ നടത്തുമായിരുന്നു. ശൂദ്രന്മാരിൽ അവരുടെ വ്യത്യസ്ത ജോലിമൂലം ഉപജാതികൾ ഉണ്ടായിരുന്നു. അവസാനം അയിത്തക്കാരും അഞ്ചാം വർണ്ണക്കാരുമായിരുന്നവരും ഉണ്ടായിരുന്നു. അവരെ ഗ്രാമത്തിന്റെ പുറത്ത് താമസിക്കാൻ നിർബന്ധിതരാക്കിയിരുന്നു.

അക്കാലത്ത് ബാലവിവാഹങ്ങൾ പ്രചാരത്തിലുണ്ടായിരുന്നില്ല ഹിന്ദുസമാജത്തിന്റെ ശാന്തിക്ക് ഭംഗം വരുത്തുന്ന നിർബന്ധിതരാക്കപ്പെട്ട വിധവകളും ഇല്ലായിരുന്നു. രാജ്യശ്രീപോലുള്ള വിധവാവൃത്തികളുടെ ഒരു ഉദാഹരണം വല്ലപ്പോഴും ഉണ്ടായാൽ അവരെ സംരക്ഷിക്കാൻ ബുദ്ധഭിക്ഷുണികളുടെ വിഹാരങ്ങൾ ഉണ്ടായിരുന്നു. ഇപ്പോഴത്തെ സ്ത്രീകളെ അപേക്ഷിച്ച് ഹർഷന്റെ കാലത്ത് ഹിന്ദു സമാജത്തിലെ സ്ത്രീകളുടെ നില ഏറെ മെച്ചപ്പെട്ടതായിരുന്നു എന്നാൽ ഇതിന് ഒരു അപവാദമുണ്ടായിരുന്നു. രാമരാജ്യത്തെ ഏകപത്നീവ്രതം ക്ഷത്രീയ രാജക്കന്മാരിൽ വളരെ വിരളമായി മാത്രമേ കാണാനാവുമായിരുന്നുള്ളു. ഹിന്ദു രാജാക്കന്മാരുടെ അന്തപുരങ്ങളിൽ അനേകം പത്നിമാരും വെപ്പാട്ടികളും വേശ്യകളും യുദ്ധത്തിൽ പരാജയപ്പെടുത്തിയവരോ കൊല്ലപ്പെട്ടവരോ ആയ രാജാക്കന്മാരുടെ വിധവകളും ഉണ്ടായിരുന്നു. അവരുടെ സ്ഥിതി അടിമകൾക്ക് തുല്യമായിരുന്നു. വിധവാ വിവാഹം അനുവദനീയമല്ലാതിരുന്നതിനാൽ വിജയികളായിരുന്ന രാജാക്കന്മാരുടെ കുടുംബങ്ങളിൽ ഉണ്ടായിരുന്ന ഇത്തരം സ്ത്രീകളുടെ സ്ഥിതി അടിമകൾക്ക് തുല്യമായിരുന്നു. ഈ അടിമത്തത്തെക്കാൾ മരണം സ്വീകരിക്കാനാണ് ഈ (അടിമകളായ) സ്ത്രീകൾ ആഗ്രഹിച്ചിരുന്നത് എന്നതിൽ അതിശയോക്തി ഒന്നുമില്ല. തങ്ങളുടെ ഭർത്താക്കന്മാരുടെ ചിതകളിലോ തീ കൊളുത്തിയോ ആത്മഹത്യ ചെയ്യാൻ ആഹ്വാനം നൽകി സ്വയം ബലി നൽകുമായിരുന്നു.

(തുടരും)

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**

**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**



(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദത്തിന്റെ ഋക് സംഖ്യ

പണ്ഡിറ്റ് യുധിഷ്ഠിർ മീമാംസക്
തർജ്ജമ : കെ.എം. രാജൻ

**ഇ**പ്രകാരം ഋഗ്വേദത്തിൽ 2006 വർഗ്ഗങ്ങളും 10417 ഋചകളും ഉണ്ട്. ശൗനകന്റെ അഭിപ്രായമനുസരിച്ച് ഈ ഋക്സംഖ്യ ശാകലചരണാന്തർഗതമായ ശൗശരീയ ശാഖയുടേതാണ്. അദ്ദേഹം ഇങ്ങനെ എഴുതുന്നു. "താൻ പാരണേശാകലേ ശൈശിരീയേ വദന്തി (36)। ഇവിടെ നൽകിയ സംഖ്യയിൽ ബാലഖില്യ ഋചകളെ ഉൾപ്പെടുത്തിയിട്ടില്ല. അതേപോലെ നൈമിത്തിക ദ്വിപദകളുടെയും ദ്വിപദാരൂപത്തിലുള്ള പരിഗണന നടത്തിയിട്ടില്ല. ഇപ്പോൾ കാണപ്പെടുന്ന ഋഗ്വേദത്തിൽ ബാലഖില്യ ഋചകളെ ഒഴിവാക്കി 2006 വർഗസംഖ്യയാണുള്ളത്. എന്നാൽ മന്ത്രസംഖ്യ 10402 ആണ് (ഇത് പിന്നീട് വിവരിക്കുന്നതായിരിക്കും). ഇപ്രകാരം ഇതിൽ കാണുന്ന 15 ഋചകളുടെ ആധിക്യം (15 എന്ന് സംഖ്യയുടെ ആധിക്യത്തെ കണക്കാക്കി ശൈശരീയശാഖയിൽ സംജ്ഞാനസൂക്തത്തിന്റെ സമാവേശ കല്പന ചെയ്യരുത്. എന്തെന്നാൽ സംജ്ഞാനസൂക്തത്തിന്റെ സമാവേശം ഉണ്ടാവുമ്പോൾ അതിന്റെ നാലുവർണ്ണങ്ങളുടേയും വർഗസംഖ്യയിലും സമാവേശമുണ്ടാവും. അങ്ങനെ വരുമ്പോൾ വർഗസംഖ്യ 2006 എന്നത് മാറി 2010 ആകും. അനുവാകാനുക്രമണികയിൽ വർഗസംഖ്യ 2006 തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്) ശാഖാകൃതമാണെന്ന് മനസ്സിലാക്കേണ്ടതാണ്. ഇതിനു ശേഷം അദ്ദേഹം (ശൗനകൻ) നേരത്തെ ഉദ്ധരിച്ച "ഋചാം ദശ സഹസ്രാണി ഋചാം പഞ്ചശതാനി ച । ഋചാമശീതിഃ പാദശ്ച പാരണം സംപ്രകീർത്തിതമ് ॥ ഇതനുസരിച്ച് ഋഗ്വേദത്തിൽ 10580 ഋചകളും ഒരു പാദവുമാണുള്ളത്. എന്നാൽ രണ്ടിടത്തും പറഞ്ഞ ഋക്സംഖ്യകളിൽ വലിയ വ്യത്യാസമുണ്ടെങ്കിലും ഇതിനുള്ള ഉത്തരം വളരെ ലളിതമാണ്. 'ഋചാ ദശസഹസ്രാണി......' എന്ന ശ്ലോകത്തിൽ 'പാരണം' എന്ന പദം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ശൗനകൻ 'പാരണം' എന്ന ശബ്ദത്താൽ 10580ഉം ഒരു പാദവും എന്ന ഋക്പരിമാണം ഋഗ്വേദത്തിലെ സമസ്ത ശാഖാന്തർഗത ഋചകളുടേയാണ് പ്രദർശിപ്പിക്കുന്നത്. ഇത് ലൗഗാക്ഷിസ്മൃതിയിലെ താഴെകൊടുക്കുന്ന ശ്ലോകങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സ്പഷ്ടമാവുന്നു.

(തുടരും)

**സർവ്വ തദ് ഹന്മി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)**

**ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.**



(മുൻലക്കത്തിന്റെ തുടർച്ച)

# ആധുനിക സർജറി എന്നത് വളർന്നു വന്ന ശല്യതന്ത്രം

ഡോ. ശശികുമാർ നെച്ചിയിൽ,
എം.ഡി (ആയു.)

**കു**റച്ചു കൂടി പടികടന്നു ചിന്തിച്ചാൽ ആയുർവേദത്തിന്റെ ശസ്ത്രക്രിയ സിരാവേധത്തിലൂന്നി നിൽക്കുന്നു. ശരീരാന്തർഭാഗത്തുള്ള വ്രണശോഫങ്ങളെ (inflammation) അതിനു സമാന്തരമായി ആ സ്ഥാനങ്ങളെ ബന്ധപ്പെട്ടു നിൽക്കുന്ന ശരീര ബഹിർ ഭാഗ സിരകളെ വേധിച്ചു കൊണ്ട് സാദ്ധ്യമാക്കാം എന്നു സിദ്ധാന്തിയ്ക്കുന്നു മഹർഷി സുശ്രുതൻ. ഇത് പരീക്ഷണതലത്തിലെങ്കിലും പ്രയോജനപ്പെടുത്തണമെങ്കിൽ നിലവിലുള്ള ആയുർവേദ രംഗം ശസ്ത്ര പ്രണിധന്മാർ ആയേ തീരൂ . അങ്ങനെ അനതിവിദൂര ഭാവിയിൽ ആയൂർവേദത്തിൽ നിന്നും ആധുനിക സർജ്ജറിയിലേയ്ക്ക് അറിവുകൾ നിറയ്ക്കപ്പെടട്ടെ.

അഷ്ടാംഗഹൃദയ കർത്താവായ ശ്രീ വാഗ്ഭടൻ ശസ്ത്രക്രിയാ വിദഗ്ദ്ധനല്ലാത്ത വൈദ്യന്റെ ചികിത്സാജ്ഞാനത്തിലെ പോരായ്മ പ്രത്യേകം വിവരിയ്ക്കുന്നു.

**'യദി ചരകമധീതേ തത് ധ്രുവം സുശ്രുതാദി പ്രണിഗദിത ഗദാനാം നാമമാത്രേ അപി ബാഹ്യ:അഥ ചരകവിഹീന: പ്രക്രിയായാമഖിന്ന: കിമിവ ഖലു കരോതു വ്യാധിതാനാം വരാകഃ'**

സർജറിയുടെ രൂപാന്തരം എന്ന നിലക്കാണല്ലോ ഇന്ന് ഓർത്തോ പീഡിക്സ് പ്രാക്ടീസസ് ചെയ്തുവരുന്നത്. ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പെ എല്ലുകളുടെ ഒടിവിനെപറ്റിയും ചതവിനെപ്പറ്റിയും പിന്നീട് അതിന്റെ ചികിത്സാക്രമങ്ങളെപറ്റിയും മഹർഷി ശുശ്രുതൻ നടത്തിയ പഠനങ്ങൾ ഇന്നും നമ്മളെ അത്ഭുതസ്തബ്ദരാക്കുന്നുണ്ട്. പ്രഥമമായി അസ്ഥിഭംഗങ്ങളെന്നും കാണ്ഡഭംഗങ്ങളെന്നും രണ്ടായി വേർതിരിക്കുന്നു. സന്ധിഭംഗങ്ങൾ അഥവാ Joint dislocations, കാണ്ഡഭംഗങ്ങൾ അഥവാ Born Fractures ഇങ്ങനെ രണ്ടായി വിഭജിച്ചതിനു ശേഷം സന്ധിഭംഗങ്ങളെ അതായത് Dislocations നെ 6 വിഭാഗമായി തിരിച്ചിട്ടുണ്ട്. ആ 6 വിഭാഗത്തിനെ എങ്ങിനെ അതിന്റെ Acute അവസ്ഥയിലും അതിന്റെ Complicated അവസ്ഥയിലും ഓരോ പ്രത്യേക ബന്ധനമുറകൾ ഉപയോഗിച്ചുകൊണ്ട് അതായത് Bandaging techniques ഉപയോഗിച്ചുകൊണ്ട് അതിൽവന്നിട്ടുള്ള വീക്കം, വേദന അതുപോലെ

**പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു. 33. 81).**
**വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.**

അണുബാധ ഇവയെല്ലാം തടുത്തു നിർത്താനുള്ള ഉപായങ്ങൾ ഉപദേശിച്ചു കൊണ്ടാണു ശുശ്രുതൻ അതിന്റെ Management വിസ്തരിക്കുന്നത്. അതുപോലെ കാണ്ഡഭാഗത്തെ, അതായത് അസ്ഥി ഒടിവുകളെ 12 തരത്തിൽ വേർതിരിക്കുകയും അത് അസ്ഥിയുടെ ഭംഗം ഏതുരീതിയിലാണ് സംഭവിച്ചിട്ടുള്ളത് എന്നതിന നുസരിച്ചാണ്. ആധുനിക ശാസ്ത്രവും നമ്മൾ വേർതിരിക്കുമ്പോൾ അസ്ഥിഭംഗങ്ങളെ oblique fracture എന്നുള്ള രീതിയിലൊക്കെയാണ്. Oblique എന്നു പറഞ്ഞാൽ വിലങ്ങനെയുള്ള അസ്ഥിഭംഗങ്ങൾ. അതേപോലെത്തന്നെയാണ് Oblque fractures നെ ശുശ്രുതൻ വിവരിക്കുന്നത്. അശ്വകർണം എന്നാണ്. അതായത് കുതിരയുടെ ചെവിപോലെ. കുതിരയുടെ ചെവി ശരിക്കും ഒരു Oblique ആണ്. Oblique fracturesനെ ശുശ്രുതൻ പറയുന്നത് **അശ്വകർണവത് ഉദ്ഭിതം അശ്വകർണം** എന്നാണ്. ഈ ഓരോ അസ്ഥിഭംഗങ്ങളെയും ഏതു തരത്തിലുള്ള ബന്ധനക്രിയ (Bandaging techenique)കളെകൊണ്ട് Immobilisation ചെയ്യാം, സ്ഥിരത വരുത്താം അതിനുശേഷം ഏതൊക്കെ മരുന്നുകൾ ഉപയോഗിച്ചുകൊണ്ട് അതിലുള്ള നീർക്കെട്ടുകളെയും അണുബാധകളെയും ചെറുത്തു നിർത്താം, അതുപോലെ സന്ധിഭംഗത്തെ എപ്രകാരം ഉള്ളിലേക്ക് മരുന്നുകൊടുത്തുകൊണ്ട് അതിനെ പോഷിപ്പിക്കാം. അസ്ഥിധാതുവിനെ പോഷിപ്പിക്കാമെന്ന് പറഞ്ഞുകൊണ്ടാണ് സവിസ്തരമായി ശുശ്രുതൻ ഈ കാര്യം പ്രതിപാദിപ്പിക്കുന്നത്. ഇതു മാത്രം വായിച്ചാൽ മതി ശല്യതന്ത്രത്തിന്റെ അഥവാ സർജറിയിലുള്ള നമ്മുടെ ഇന്ത്യൻ ശാസ്ത്രത്തിന്റെ അവഗാഹം ഏതൊരുവനും മനസ്സിലാവും.

(അവസാനിച്ചു)




**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**

**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**



*(Cont'd from last issue)*

# Dayananda The Great

Ved Mitra

## Chapter -IV
## DAYANANDA - AS A BUILDER OF NATION

Dayananda, therefore, thought very seriously about this particulars weakness of the Hindhu community and made up his mind to unite all the Hindus in one common string, because unity is a pre-requisite to build up a nation. Without unity the task of building up a nation is impossible. **And the unity was only possible if there be one God, one religion, one scripture, one caste, one method of worship and one language.**

Dayananda, therefore, devised a six - fold scheme and preached it to Hindu community right up to the very close of his valuable life. That six-fold scheme is this.

**Oh, Hindhu !**
You have only **one God** and that is **Om** (Or Aum)
You have only **one religion** and that is the **Vedic religion**
You have only **one scripture** and that is the **Veda**
You have only **one caste** and that is **Arya**
You have only **one method of worship** and that is **Sandhya**
You have only **one language** and that is **Hindi**.

Thus, Dayananda first of all placed this most practical scheme before the mass and the class. And as such, Dayananda can rightly be called the father. nay the grand father of the builders of nation in India. His was the eye of realism rather than idealism. Idealist does not at all help to build up a nation. Hindus today are fallen, disunited, weak and more dead than alive because they have not yet accepted this six- fold scheme of Dayananda. But today or tomarrow, Hindu shall have to accept this, path, if at all they want to rise once again. **There is no way other than this. The more delay cause, the heavier price they shall pay for it.**

(To be continued)

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## കാറൽമണ്ണയിൽ ശ്രൗതയജ്ഞത്തിന് സ്വാഗതസംഘം രൂപീകരിച്ചു

കാറൽമണ്ണ: 2021 മെയ് 26, 27 തിയ്യതികളിൽ കാറൽമണ്ണയിൽ നടക്കുന്ന ശ്രൗത യജ്ഞത്തിന് സ്വാഗതസംഘം രൂപീകരിച്ചു. തെക്കുംപറമ്പ് ഭവദാസൻ നമ്പൂതിരിയുടെ അധ്യക്ഷതയിൽ നടന്ന പൊതുയോഗത്തിൽ ചെർപ്പുളശ്ശേരി നഗരസഭാംഗം ശ്രീമതി.കെ.രജനി, ഡോ.ശശികുമാർ നെച്ചിയിൽ, വേദഗുരുകുലം അധ്യക്ഷൻ ശ്രീ.വി.ഗോവിന്ദ ദാസ് മാസ്റ്റർ, ആചാര്യ വിശ്വശ്രവ ജി, ആചാര്യ വാമദേവ് ആര്യ, വേദഗുരുകുലം അധിഷ്ഠാതാവ് ശ്രീ.കെ.എം.രാജൻ, കാറൽമണ്ണ ആര്യസമാജം അധ്യക്ഷൻ ശ്രീ.കെ.വി.ശ്രീധരൻ എന്നിവർ സംസാരിച്ചു. ശ്രീ.കെ.എം. പരമേശ്വരൻ സ്വാഗതവും ശ്രീ.കെ.കെ.രാജേഷ് നന്ദിയും പ്രകാശിപ്പിച്ചു. കാറൽമണ്ണയിലെ മണ്മറഞ്ഞ നവോത്ഥാന നായകരെ അനുസ്മരിക്കുന്ന ഒരു ചടങ്ങും ഈ യജ്ഞത്തോടൊപ്പം നടത്താൻ തീരുമാനിച്ചു.

**സ്വാഗത സംഘം ഭാരവാഹികൾ**

ബ്രഹ്മശ്രീ കോതമംഗലം വാസുദേവൻ നമ്പൂതിരി, തൃക്കടീരി നാരായണൻ നമ്പൂതിരി, തെക്കുംപറമ്പ് ഭവദാസൻ നമ്പൂതിരി, കൊയത്തടി വലിയ പരമേശ്വരൻ നമ്പൂതിരി, പണ്ഡിത രത്നം ഡോ.പി.കെ. മാധവൻ, ചെർപ്പുളശ്ശേരി നഗരസഭാംഗങ്ങളായ ശ്രീ.കെ.എം. ഇസ്ഹാഖ്, ശ്രീമതി.കെ.രജനി എന്നിവർ രക്ഷാധികാരികൾ. ഡോ.ശശികുമാർ നെച്ചിയിൽ (അധ്യക്ഷൻ), വി.ഗോവിന്ദ ദാസ് മാസ്റ്റർ, കെ.എം.ശ്രീധരൻ (ഉപാധ്യക്ഷൻമാർ), പ്രകാശ് കുറുമാപ്പള്ളി (കാര്യദർശി), ജയരാജ് പി (സഹ കാര്യദർശി), കെ.വി. ശ്രീധരൻ (സംയോജകൻ), ആചാര്യ വാമദേവ് ആര്യ, ഉണ്ണികൃഷ്ണൻ ആര്യ (സഹ സംയോജകന്മാർ), പി.ശിവശങ്കരൻ (കോശാധ്യക്ഷൻ). യജ്ഞത്തിന്റെ യജമാനൻ ശ്രീ.കെ.എം.രാജനും പത്നി ശ്രീമതി. ലതരാജനും.





**യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)**

**രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.**

ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/04/2021
RNI NO. KERMAL/2013/53849
REGISTERED NO. OTTAPALAM/5/2020-23

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ (സ്റ്റോക്ക് ഉള്ളത്)

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ -Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദികധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ - Rs. 40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs. 10.00
5. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs. 20.00
6. വേദാന്തിധ്വാന്ത നിവാരണം - Rs. 25.00
   മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ
7. പൂനാ പ്രവചനം (ഉപദേശമഞ്ജരി) - Rs. 200.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
8. ആര്യോദ്ദേശ്യരത്നമാല - Rs. 25.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
9. സംശയനിവാരിണി -Rs. 200.00
   ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ
10. വേദപ്രകാശം പാഠാവലി - കെ.എം.രാജൻ - Rs. 40.00
11. മഹർഷി ദയാനന്ദസരസ്വതി (ജീവചരിത്രം) - കെ.എം.രാജൻ - Rs. 60.00
12. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs. 35.00
13. ശിവസങ്കല്പം - കെ.എം.രാജൻ - Rs. 30.00
14. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ - Rs. 40.00
15. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs. 35.00
16. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - കെ.എം.രാജൻ - Rs. 60.00
17. 1921 മാപ്പിള ലഹള - ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ - Rs. 250.00

**(തപാൽ ചെലവ് പുറമെ)**

**അച്ചടിയിലുള്ളവ**

1. 1921: മലബാറും ആര്യസമാജവും - മഹാത്മാ ആനന്ദസ്വാമി, തർജ്ജമ : പി. നാരായണൻ
2. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി, തർജ്ജമ : കെ.എം.രാജൻ
3. യോഗദർശനം
   (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക്, തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ, തർജ്ജമ : കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ; സത്യവും മിഥ്യയും - കെ.എം.രാജൻ

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad-679 504. Printed at Mudra Printers, Cherpulassery. and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan

**Email: dayanandasandesam@gmail.com Phone: 7907077891, 9562529095**